**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3495** | **20.06.2018-ൽ മറുപടിക്ക്** |
| --- | --- |

## വിവിധ പോലീസ് സ്റ്റേഷനുകളിൽ നശിക്കുന്ന തൊണ്ടിവാഹനങ്ങൾ

| | ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളിൽപ്പെട്ടും അപകടങ്ങളിൽപ്പെട്ടും മോഷണവുമായി ബന്ധപ്പെട്ടുമുള്ള തൊണ്ടിവാഹനങ്ങൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.<br>കൂടാതെ പെറ്റി കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി മൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും, കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗ തടസ്സങ്ങളും, പെറ്റി കേസുകളിലും വാഹനാപകട കേസുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ |
| (ബി) | എങ്കിൽ ഇവ സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് ഒഴിവാക്കാനായി പിടികൂടപ്പെടുന്ന വാഹനങ്ങളുടെ നിയമപരമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുകൊടുക്കുവാനോ അല്ലാത്തവ ഒരു നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് സർക്കാരിന് മുതൽകൂട്ടാനോ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 31.01.2017 തീയതിയിലെ 7/2017 നമ്പർ സർക്കുലർ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ളതും, പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ട് കെട്ടിയതുമായ വാഹനങ്ങൾ 15.12.2014 തീയതിയിലെ 550/14/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി.ലിമിറ്റഡിന്റെ വെബ് സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സന്ദർശനം നടത്തുന്നതിനും വ്യക്തിപരമായ ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കാൻ സാധിക്കാത്ത വാഹനങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ മാറ്റി സൂക്ഷിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും,എല്ലാ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ എന്ത് നടപടികൾ സ്വീകരിയ്ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വാഹനങ്ങളുടെ നീക്കം ചെയ്യലും പരസ്യ ലേലത്തിലൂടെ വിൽക്കുന്നതും സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പര്യാപ്തമായ ഒരു പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ